**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4798** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം മണ്ഡലത്തിൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിയ്ക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | K.R.D.C.L. -ന് നിർമ്മാണചുമതല നൽകിയിട്ടുള്ള എൽ.സി.നം.545- ന് (പോളയത്തോട് റെയിൽവേ ഗേറ്റ്) പകരമായി വരുന്ന റെയിൽവേ മേൽപ്പാലത്തിന് ഭൂമി ഏറ്റെടുക്കാനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.<br><br>ഇരവിപുരം മണ്ഡലത്തിൽ ഇരവിപുരം, മയ്യനാട്, കൂട്ടിക്കട, കല്ലുംതാഴം, എസ്.എൻ.കോളേജ് എന്നീ അഞ്ച് റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ. -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അവയിൽ എത്ര പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) | ഇരവിപുരം റെയിൽവേ മേൽപ്പാലത്തിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചു. |
| (സി) | എത്ര പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; | (സി) | പോളയത്തോട് മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി എസ്.ഐ.എ. എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ട് ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.യുടെ ചുമതലയിലുള്ള ബാക്കിയുള്ള 4 ആർ.ഒ.ബി.കളിൽ മയ്യനാട് ആർ.ഒ.ബി. യുടെ ഭൂമി എറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 4 ആർ.ഒ.ബി.കളുടെയും റെയിൽവേ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി) റെയിൽവേ ആവശ്യപ്പെട്ട പ്രകാരം തിരുത്തലുകൾ വരുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ തുടങ്ങാൻ സാധിക്കുകയുള്ളൂ. എന്നാൽ ആർ.ബി.ഡി.സി.കെ.യുടെ അഭ്യർത്ഥന മാനിച്ച് കൂട്ടിക്കട ആർ.ഒ.ബി.യുടെ ഭൂമി എറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള IN PRINCIPLE അപ്പ്രൂവൽ റെയിൽവേ 11.07.2022 - ൽ നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം കൂട്ടിക്കട ആർ.ഒ.ബി.യുടെ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കൽ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. ബാക്കിയുള്ള 2 ആർ.ഒ.ബി. കൾക്കും ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇനി എത്ര പദ്ധതികൾക്കാണ് ഭരണാനുമതി ലഭിയ്ക്കുവാനുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | എൽ.സി. നം.545 പോളയത്തോട് റെയിൽവേ ഗേറ്റിന് പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ